126 ISt
28/11/14

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന പദ്ധതി - അട്ടപ്പാടിയിലെ കുട്ടികളിലെ പോഷകാഹരക്കുറവ് മൂലമുണ്ടാകുന്ന രോഗങ്ങളും ശിശുമരണ നിരക്കും കുറയ്ക്കുന്നതിനായി യൂണിസെഫ്, റിഥി ഫൗണ്ടേഷൻ വഴി നടപ്പിലാക്കി വരുന്ന 'C-SAM ' പദ്ധതി - സർവ്വീസ് ടാക്സ് തുക - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ(സാധാ) നം.689/2014/സാനീവ.

തീയതി, തിരുവനന്തപുരം 21.11.2014

---

പരാമർശം : 07.11.2014 - ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ICDS/B1 - 42117/2013 നംപർ കത്ത്.

---

## ഉത്തരവ്

അട്ടപ്പാടിയിലെ കുട്ടികളിലെ പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന രോഗങ്ങളും ശിശുമരണ നിരക്കും കുറയ്ക്കുന്നതിനായി യൂണിസെഫ്, റിഥി ഫൗണ്ടേഷൻ വഴി നടപ്പിലാക്കുന്ന 'C-SAM ' പദ്ധതിയ്ക്ക് 27,75,800/- രൂപയും സർവ്വീസ് ടാക്സ് ആയി 12.36% വും ചെലവ് വരുന്നുണ്ട്. ടി പദ്ധതിയ്ക്ക് 15,60,800/- രൂപ യൂണിസെഫ് വകയിരുത്തിയതിൽ 13,60,800/- രൂപ പദ്ധതി ചെലവും 2,00,000/- രൂപ ബന്ധപ്പെട്ട യാത്രാ ചെലവുകൾക്കുമാണ്. ഇതിൽ റിഥി ഫൗണ്ടേഷൻ-ന് നൽകുവാനുള്ള സർവ്വീസ് ടാക്സായ 1,68,195/- രൂപ സാമൂഹ്യനീതി വകുപ്പിൽ നിന്നും കണ്ടെത്താൻ യൂണിസെഫ് ആവശ്യപ്പെട്ടിരിക്കുന്നതിനാൽ ടി തുക 2235-02-102-98-34(OC) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് പരാമർശ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽപറഞ്ഞ പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വീസ് ടാക്സ് ഇനത്തിൽ റിഥി ഫൗണ്ടേഷന് നൽകുവാനുള്ള 1,68,195/- രൂപ (ഒരു ലക്ഷത്തി അറുപത്തിയെണ്ണായിരത്തി നൂറ്റിതൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ '2235-02-102- 98-34(OC)' ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
മിനി.എം
അണ്ടർ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ